**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3438** **08-10-2025 - ൽ മറുപടിയ്ക്ക്**

**എയിഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ എയിഡഡ് വിദ്യാലയങ്ങളിൽ ഏരിയ ഇന്റെൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെ ഭിന്നശേഷി സംവരണ നിയമനം, അധിക തസ്തിക ഇവയുടെ പേരിൽ വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടേയും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വിവിധ എയിഡഡ് വിദ്യാലയങ്ങളിൽ ഏരിയ ഇന്റെൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെ ഭിന്നശേഷി സംവരണം, അധിക തസ്തിക എന്നിവ സംബന്ധിച്ച ക്രമപ്രകാരമുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും ഇല്ല. |
| (ബി) | എയിഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 3 0.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീക രിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ. (കൈ) നം.45/2025/പൊ.വി.വ. തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ. (കൈ) നം.123/2025/പൊ.വി.വ. തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്.<br><br>മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാതല സമിതിയ്ക്ക് |

| | | | |
|---|---|---|---|
| | | | കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശുപാർശ ചെയ്യുകയും ചെയ്യും. ഇപ്രകാരം ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ അതതു മാനേജ്മെന്റുകൾ പ്രതിജ്ഞാബദ്ധരാണ്. സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബഹു. സുപ്രീംകോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത് മൂലം നിയമനാംഗീകാരത്തിനുള്ള കാലതാമസം വർദ്ധിച്ചു എന്നതിനാൽ ഇക്കാര്യത്തിൽ നടപടികൾ വേഗത്തിലാക്കുന്നതിനും ഭിന്നശേഷി തസ്തികകൾ കൃത്യമായി മാറ്റിവെച്ച് മറ്റ് നിയമനങ്ങൾ നടത്തുന്ന സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനും സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുമോയെന്നും വ്യക്തമാക്കുമോ; | (സി) | എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പൂർണ്ണമായി നടപ്പിലാക്കുന്നതുവരെ ബഹു. സുപ്രീംകോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി മറ്റ് ജീവനക്കാർക്ക് പ്രൊവിഷണൽ/ദിവസവേതന അടിസ്ഥാനത്തിൽ നിലവിൽ നിയമനാംഗീകാരം നൽകിവരുന്നുണ്ട്. ജില്ലാതല സമിതികൾ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നിയമനശുപാർശ നൽകി, അവർ സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക്, ഭിന്നശേഷി സംവരണം നടപ്പിലാക്കിയില്ല എന്ന കാരണത്താൽ നിയമനാംഗീകാരം തടസ്സപ്പെട്ടിരിക്കുന്നവരുടെ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതാണ്. ജില്ലാതല സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇക്കാര്യത്തിൽ നിരവധി സർക്കാർ ഉത്തരവുകളും ഡി.ജി.ഇ. സർക്കുലറുകളും പുറപ്പെടുവിച്ചിട്ടും സംസ്ഥാനത്തെ മിക്ക വിദ്യാഭ്യാസ ഓഫീസർമാരും നിയമന അംഗീകാര ഫയലുകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുകയും തീർപ്പു കൽപ്പിക്കാതെ കാലതാമസം വരുത്തുകയും ചെയ്യുന്നതിനാൽ ഫയലുകൾ നിരസിക്കുന്ന പ്രവണത ഒഴിവാക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദേശം നൽകുന്നതോടൊപ്പം വേണ്ടത്ര പരിചയമില്ലാത്തവർക്ക് പ്രത്യേക പരിശീലനം നൽകുവാനും നടപടി സ്വീകരിക്കുമോ; | (ഡി) | നിയമനങ്ങൾ നിയമാനുസൃതം അംഗീകരിക്കുന്നത്/ നിരസിക്കുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും ഉത്തരവുകളും നിർദേശങ്ങളും നൽകുന്നുണ്ട്. കൂടാതെ ആവശ്യമെങ്കിൽ പരിശീലനവും നൽകുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ എയിഡഡ് സ്കൂളുകൾ, എ. ഐ. പി. സ്കൂളുകൾ ഉൾപ്പെടെ വിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ദിവസവേതന/സ്ഥിരം നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണ നിയമനം, അധിക തസ്തിക ഇവയുടെ പേരിലുള്ള തടസ്സങ്ങൾ | (ഇ) | സംസ്ഥാനത്തെ വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ ഏരിയ ഇന്റെൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെ ഭിന്നശേഷി സംവരണം, അധിക തസ്തിക എന്നിവ സംബന്ധിച്ച ക്രമപ്രകാരമുള്ള നിയമനങ്ങൾ |

| | | | |
|---|---|---|---|
| | പരിഹരിച്ച് വേഗത്തിൽ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | | അംഗീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും ഇല്ല. |

സെക്ഷൻ ഓഫീസർ